# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 64

09/08/2017-ൽ മറുപടിയ്ക്ക്.

## പാലുൽപാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ രാമചന്ദ്രൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) (I) ക്ഷീരോല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1) ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം -495 ലക്ഷം<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം.<br>3) ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം<br>4) മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി)-4179 ലക്ഷം<br>5) കാറ്റിൽ ഫീഡ് സബ്സിഡി -1400 ലക്ഷം<br>6) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം -2585 ലക്ഷം<br>7) ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം -25 ലക്ഷം<br>8) വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി -25 ലക്ഷം<br><br>**ആകെ -9775 ലക്ഷം** |

(II) പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി മൃഗസംരക്ഷണ വകുപ്പ് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(2) മൃഗാശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടിയിൽ നിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു

(3) രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടിരൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു

(4) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം 20392 കറവപശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(5) 2017-18 സംസ്ഥാന ബഡ്ജറ്റിൽ ഗോസമൃദ്ധി പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. ഗോസമൃദ്ധി പദ്ധതി നിർവ്വഹണത്തിന് 5 കോടി രൂപ നീക്കി വച്ചിരിക്കുന്നു.

(6) മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവല്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നല്കുന്നതിന്

നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 184 പേർക്ക് കറവ യന്ത്രങ്ങൾ നൽകുന്നതിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

(7) കേരള ഫീഡ്സിൽ നിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു

(8) അകിടുവീക്കരോഗ നിയന്ത്രണ പരിപാടി - സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു. 2017-18 വർഷത്തിൽ 35,000 ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിനു വേണ്ടി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(9) മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) നിലവിൽ സംസ്ഥാനത്തെ പാൽ ആവശ്യകതയുടെ എത്ര ശതമാനമാണ് ആഭ്യന്തര ഉൽപാദനം എന്ന് വ്യക്തമാക്കാമോ:

(ബി) സംസ്ഥാനത്ത് പാലിന്റെ ആവശ്യകതയുടെ ഏകദേശം 75 മുതൽ 80 ശതമാനം വരെ ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കപ്പെടുന്നു.

(സി) ക്ഷീര ഗ്രാമം എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വികസനത്തിനായി മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 5 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ചിറയിൻകീഴ്

(തിരുവനന്തപുരം), ഇടമുളയ്ക്കൽ(കൊല്ലം), മണ്ണഞ്ചേരി(ആലപ്പുഴ),ചാഴൂർ (തൃശ്ശൂർ), പറളി(പാലക്കാട്) എന്നീ പഞ്ചായത്തുകളിലാണ് 2017-2018-ൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കറവമാടുകൾ വാങ്ങുന്നതിനും, ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, കറവയന്ത്രങ്ങൾ വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ